പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1433

14 06-2013 – ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ മുഖേനയുള്ള പലിശരഹിത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ചെറുകിട കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേന പലിശ രഹിത വായ്പ നൽകുന്നതിനു പ്രഖ്യാപിച്ച പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിക്കുകയും ആയതിൻ പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും ഈ ഇനത്തിൽ 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി അംഗീകരിക്കുകയു മുണ്ടായി. അതോടൊപ്പം നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന വർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി കാർഷിക വായ്പ പലിശ രഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പ്രതിവർഷം എത്ര ചെറുകിട കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) പ്രതിവർഷം ഏകദേശം 50,000 കർഷകർക്ക് ഇപ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കി യിട്ടുണ്ട്. |
| (സി) നേരത്തെ വായ്പയെടുത്ത് കുടിശ്ശിക വന്നുപോയവരുടെ കാര്യത്തിൽ ഈ പദ്ധതി പ്രകാരം പലിശ ഇളവു ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (സി) കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ